**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ അന്താരാഷ്ട്രതലത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മാതൃകാ ഹബ്ബായി മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തെ അന്താരാഷ്ട്ര തലത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഹബ്ബാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കേരള മോഡൽ റെസ്പോൺസിബിൾ ടൂറിസം ലോക മാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആഗോള ഉത്തരവാദിത്ത ടൂറിസം മൂവ്മെന്റിന്റെ സ്ഥാപകനും ഐസിആർ ടി ഗ്ലോബൽ ചെയർമാനുമായ ഡോ: ഹാരോൾഡ് ഗുഡ്‌വിൻ തന്നെ കേരളത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ലോക ചാമ്പ്യൻ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. യു.എൻ കേരള മോഡൽ റെസ്പോൺസിബിൾ ടൂറിസം ഒരു പ്രധാന കേസ് സ്റ്റഡിയായി തന്നെ പറഞ്ഞിട്ടുണ്ട്. സാർവ്വദേശീയ രംഗത്തെ ഒട്ടേറെ അവാർഡുകളും മറ്റ് അംഗീകാരങ്ങളും കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഒട്ടേറെ ദേശീയ വിദേശ സർവകലാശാലകളും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളും കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ പഠന - പ്രബന്ധ വിഷയമാക്കി മാറ്റിയിട്ടുണ്ട്. |
| (ബി) | ഉത്തരവാദിത്ത ടൂറിസം രംഗത്ത് ലോക ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ സംസ്ഥാനത്ത നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ടൂറിസം മേഖലയിലെ പ്രാദേശിക ജനതയുടെ പങ്കാളിത്തം, സ്ത്രീശാക്തീകരണം പാരിസ്ഥിതിക സംരക്ഷണത്തിലൂന്നിയ ടൂറിസം പ്രവർത്തനങ്ങൾ, സ്ട്രീറ്റ് , മോഡൽ ആർ ടി വില്ലേജ് , സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാരം, ആർട്ടിസ്റ്റ് നെറ്റ് വർക്ക്, പരിശീലനങ്ങൾ, ടൂറിസം ഗ്രാമസഭകൾ, ടൂറിസം റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറികൾ, ടൂറിസം മേഖലയിലെ ജൻഡർ ഓഡിറ്റ്, പ്രാദേശിക പരമ്പരാഗത തൊഴിലുകളെ ടൂർ പാക്കേജുകളാക്കി തദ്ദേശവാസികൾക്ക് വരുമാനം ഉറപ്പാക്കിയ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്, കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, ആർ ടി ക്ലാസിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | ഫോർ ഹോട്ടൽസ് & റിസോർട്സ് എന്നിങ്ങനെ എണ്ണമറ്റ പ്രവർത്തനങ്ങൾ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്. |
| (സി) | ഉത്തരവാദിത്ത ടൂറിസത്തിന്റെ നേട്ടം ഈ രംഗത്തെ സ്ത്രീ പങ്കാളിത്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉത്തരവാദിത്ത ടൂറിസത്തിന്റെ നേട്ടം ഈ രംഗത്തെ സ്ത്രീ പങ്കാളിത്തമാണ് . ഉത്തരവാദിത്ത ടൂറിസം മേഖലയിലെ 70% ൽ അധികം യൂണിറ്റുകൾ സ്ത്രീകൾ നയിക്കുന്നതോ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ ആണ്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയാണ് ഇന്ത്യയിൽ ആദ്യമായി യു.എൻ വിമണിന്റെ സാങ്കേതിക സഹായത്തോടെ സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പദ്ധതി നടപ്പാക്കിയതും ജൻഡർ ഓഡിറ്റ് ചെയ്തതും. ലോകത്തെ ആദ്യത്തെ ഗ്ലോബൽ വിമൻ കോൺഫറൻസ് ഓൺ ജൻഡർ ഇൻക്ലൂസീവ് ടൂറിസം & റെസ്പോൺസിബിൾ ടൂറിസം എന്ന ആഗോള വനിതാ സമ്മേളനം നടന്നതും 2024-ൽ കേരളത്തിലാണ് .<br><br>ഗ്രൂപ്പുകളും ഒറ്റയ്ക്ക് യാത്ര ചെയ്യുന്നവരും ഉൾപ്പെടുന്ന സ്ത്രീകളുടെ യാത്രയുടെ കുതിപ്പിന് ലോകമെമ്പാടും സാക്ഷ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനവും അതിനനുസൃതമായി മാറുകയാണ്. 'സ്ത്രീ സൗഹാർദ്ദ ടൂറിസം ഇനിഷ്യേറ്റീവ്' പദ്ധതി കെ ആർ ടി എം സൊസൈറ്റി വഴി കേരള ടൂറിസം നടപ്പിലാക്കുന്ന മറ്റൊരു മാതൃകയാണ്. സ്ത്രീകളുമായി ബന്ധപ്പെട്ട ടൂറിസത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്നതാണ് 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി. കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു എൻ വിമണുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ നടന്ന് വരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ വുമൺ -ന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസിവ് ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തീയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ച് നടന്നു.<br><br>പ്രാദേശിക ജനസമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന്റെ ഭാഗമായി വിവിധ ടൂളുകളിൽ ഒന്നായ ജൻഡർ ഓഡിറ്റ്, ടൂറിസം രംഗത്തു ആദ്യമായി നടത്തുന്ന ഇന്ത്യയിലെ ആദ്യ |

| | | | |
|---|---|---|---|
| | | | സംസ്ഥാനം ആണ് കേരളം. നിലവിൽ 5 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് നടത്തി പുതുതായി 12 കേന്ദ്രങ്ങളിൽ കൂടി ഈ സാമ്പത്തിക വർഷം ജൻഡർ ഓഡിറ്റ് നടപ്പിലാക്കും |
| (ഡി) | ഈ രംഗത്ത് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്തരവാദിത്ത ടൂറിസം മേഖലയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **World Travel Mart Responsible Tourism Awards-2021**<br><br>Category: Increasing Diversity in Tourism- One to Watch Recipient: Aymanam- Model RT Village- Responsible Tourism Mission Kerala<br><br>**2. Travel + Leisure Global Vision Award 2022**<br><br>Recipient: Responsible Tourism Mission Kerala.<br><br>**3.Aymanam Model RT Village is listed as one of the must watch destination in 2022.**<br><br>**4. Gold Awards by ICRT International on September 2022 -** Destination Building Back Better- Post Covid<br><br>**5. Gold Awards by ICRT International on September 2022 -** Increasing Diversity in Tourism- How Inclusive is our Industry?<br><br>**6. Gold Awards by ICRT International on September 2022**<br><br>Reducing Plastic Waste in the Environment<br><br>**7. Gold Awards by ICRT International on September 2022**<br><br>Conserving Water and improving water scarcity & supply for neighbours)<br><br>**8. WTM –GLOBAL RT AWARDS 2022**<br><br>Category: Conserving Water and improving water scarcity & supply for neighbours |

| | | | |
|---|---|---|---|
| | | | Recipient Water Street by RT Mission<br><br>**9. WTM Global Award for Best Local Sourcing Craft & Food**<br><br>**10. ICRT India Gold Award – 2023**<br><br>**11. Responsible Tourism Global Award – 2023 -** Best for Local Sourcing Craft & Food - 2023<br><br>**12.ICRT India and Subcontinent Gold Award – 2024 (for Beypore Integrated RT Development Project)** Category: Employing and Upskilling Local Communities<br><br>**<u>National Awards</u>**<br><br>1. Indian Responsible Tourism Awards 2021 Category: Best Future Forward State.<br><br>2. Best Tourism Village Gold Award 2023 **-** Kanthalloor STREET Project.<br><br>3. Best Tourism Village Award 2024 – Kumarakom has been selected in the Best Agri Tourism Village category.<br><br>4. Best Tourism Village Award 2024 – Kadalundi has been selected in the Best Responsible Tourism Village category. |

സെക്ഷൻ ഓഫീസർ